ALL INDIA RADIO THIRUVANANTHAPURAM

आकाशवाणी

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:31.03.2025**

## പ്രധാനവാർത്തകൾ

1.) രാഷ്ട്രപതി ദ്രൗപദി മുർമു രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് വൈകിട്ട് മുംബൈയിലെത്തും.

2.) ഇന്ന് ചെറിയ പെരുന്നാൾ. ആഘോഷങ്ങൾക്കൊപ്പം ഈദ്ഗാഹുകളിൽ ലഹരി വിരുദ്ധ സന്ദേശവുമുയർത്തി വിശ്വാസികൾ .

3.) ബജറ്റിലെ ആനുകൂല്യങ്ങളും നിരക്കുവർധനകളും പുതിയ സാമ്പത്തിക വർഷമാരംഭിക്കുന്ന നാളെ മുതൽ പ്രാബല്യത്തിൽ.

4.) ആതുരസേവനരംഗത്ത് മലയാളി നഴ്സുമാരുടെ പങ്കിനെ പ്രകീർത്തിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ.

5.) ഓണറേറിയം വർദ്ധന ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ച് സെക്രട്ടേറിയറ്റിന് മുന്നിലെ സമരം കടുപ്പിച്ച് ആശാപ്രവർത്തകർ.

6.) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

****************************************

RNUTVPM

## രാഷ്ട്രപതി-സന്ദർശനം

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് വൈകിട്ട് മുംബൈയിലെത്തും. നാളെ റിസർവ് ബാങ്കിന്റെ 90-ാം വാർഷികാഘോഷ സമാപന ചടങ്ങിൽ ദ്രൗപദി മുർമു പങ്കെടുക്കും.

**********************************

## ചെറിയ പെരുന്നാൾ... ഇൻട്രോ

വ്രതശുദ്ധിയുടെ ദിനരാത്രങ്ങൾക്ക് ശേഷം ഇസ്ലാം മത വിശ്വാസികൾ ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിക്കുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഈദ്ഗാഹുകൾ നടന്നു. ലഹരി വിരുദ്ധ സന്ദേശമുയർത്തിയാണ് ഇത്തവണ ഈദ്ഗാഹുകൾ സംഘടിപ്പിച്ചത്. ലഹരിവിരുദ്ധ പ്രചാരണങ്ങളെ ഇസ്ലാമിക സമൂഹം പിന്തുണയ്ക്കണമെന്ന് പാളയം ഇമാം ആവശ്യപ്പെട്ടു. മലപ്പുറം മാഅദിൻ മസ്ജിദിലെ പെരുന്നാൾ നമസ്കാരത്തിൽ ഇബ്രാഹീമുൽ ഖലീൽ അൽ ബുഖാരി തങ്ങൾ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ചെറിയപെരുന്നാൾ ആഘോഷം മലബാറിൽ ആത്യാഹ്ലാദപൂർവ്വം കൊണ്ടാടുകയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

**(വോയ്സ്)**

**********************************

## മുഖ്യമന്ത്രി-ശ്രീശാരദാമഠം നഴ്സിംഗ്

ലോകത്തിന്റെ ഏത് ഭാഗത്തുള്ളവരും മലയാളി നേഴ്സുമാരെയാണ് തേടുന്നതെന്ന് മുഖ്യമന്ത്രി പിണറായി

RIUTVPM

വിജയൻ. ശ്രീശാരദാമഠം നഴ്സിംഗ് കോളജിന്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. നേഴ്സുമാർക്കായി ശ്രദ്ധേയമായ ഇടപെടലുകൾ ആണ് സർക്കാർ നടത്തുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. നിപ ബാധിച്ച് മരിച്ച സിസ്റ്റർ ലിനിയെയും ചടങ്ങിൽ മുഖ്യമന്ത്രി അനുസ്മരിച്ചു. സേവന പാരമ്പര്യത്തെ സംരക്ഷിക്കുന്നതിൽ ശ്രീരാമകൃഷ്ണ മിഷൻ വലിയ പങ്കു വഹിച്ചിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി ജെ പി നഡ്ഡ ചടങ്ങിൽ വീഡിയോ സന്ദേശത്തിൽ പറഞ്ഞു. ശ്രീരാമകൃഷ്ണ പരമഹംസരുടെ കാഴ്ചപ്പാട് പൂർത്തീകരിക്കാൻ എല്ലാവിധ ആശംസകളും നേരുന്നതായും അദ്ദേഹം പറഞ്ഞു.

***********************************

## ആശാവർക്കർ-സമരം

സംസ്ഥാനത്തെ ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരം 12 ആം ദിവസത്തിലേക്കും രാപകൽ സമരം 50 ആം ദിവസത്തിലേക്കും കടന്നു. സമരത്തിന്റെ ഭാഗമായി ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിന് മുന്നിൽ മുടി മുറിച്ച് പ്രതിഷേധിച്ചു. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ആശാ പ്രവർത്തകർ മുടി മുറിച്ച് പ്രതിഷേധിച്ചു. തുടർന്ന് ആശാ പ്രവർത്തകർ മുറിച്ച മുടിയുമായി നഗരത്തിൽ പ്രതിഷേധ പ്രകടനം നടത്തി. ബിജെപി മുൻ സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ സമരപന്തൽ സന്ദർശിച്ച് മുടിമുറിക്കൽ സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചു. സമരത്തിന് പിന്തുണയുമായി വൈദികരും സമരപ്പന്തലിൽ എത്തി മുടി മുറിച്ച് പ്രതിഷേധിച്ചു. ഓണറേറിയം വർധിപ്പിക്കുക, വിരമിക്കൽ ആനുകൂല്യം പ്രഖ്യാപിക്കുക ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചാണ് ആശാ വർക്കർമാർ സമരം ചെയ്യുന്നത്.

***********************************

RNUTVPM

## നാളെ മുതൽ മാറ്റങ്ങൾ- ഇൻട്രോ

ബജറ്റിലെ ആനുകൂല്യങ്ങളും നിരക്കുവർധനകളും സാമ്പത്തിക വർഷമാരംഭിക്കുന്ന നാളെ മുതൽ പ്രാബല്യത്തിൽ. നികുതിഘടന, യുപിഐ പോലുള്ള പല അടിസ്ഥാന കാര്യങ്ങളിൽ മാറ്റമുണ്ട്. നാളെ നിലവിൽ വരുന്ന മാറ്റങ്ങളെക്കുറിച്ച് ഒരു റിപ്പോർട്ട്.........

(വോയ്സ്)

***********************************

## സ്വദേശ് ദർശൻ 2.0

സംസ്ഥാന സർക്കാർ സമർപ്പിച്ച രണ്ട് വിനോദസഞ്ചാര പദ്ധതികൾക്ക് കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിന്റെ അനുമതി. സ്വദേശ് ദർശൻ 2.0 പ്രകാരം ആലപ്പുഴയിലെ ജലടൂറിസം പദ്ധതിക്കും, മലമ്പുഴയിലെ ഉദ്യാനവും പാർക്കും സൗന്ദര്യവത്കരിക്കുന്നതിനുമാണ് അനുമതി ലഭിച്ചത്. 169.05 കോടി രൂപയാണ് പദ്ധതിച്ചെലവ്. കേരളത്തിലെ വിനോദ സഞ്ചാര മേഖലയ്ക്ക് വലിയ നേട്ടമാണെന്ന് പദ്ധതികളെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു. ഒന്നാം ഗഡുവായി 10 ശതമാനം തുക ഇതിനോടകം അനുവദിച്ചു.

PNU TVPM

***********************************

## ബ്രേക്ക്...

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

***********************************

## ശബരിമല

ശബരിമല ശ്രീധർമ ശാസ്താ ക്ഷേത്രോത്സവത്തിന് മറ്റന്നാൾ കൊടിയേറും. തന്ത്രി കണ്ഠര് രാജീവരുടെയും കണ്ഠര്

ബ്രഹ്മ ദത്തൻറെയും കാമികതന്ത്രത്തിലായിരിക്കും ചടങ്ങുകൾ. ഉത്സവത്തിനും വിഷുപൂജകൾക്കുമായി ശബരിമല നട നാളെ വൈകീട്ട് അഞ്ചിന് തുറക്കും. ഉത്സവം തീരുമ്പോൾ വിഷു ആഘോഷം തുടങ്ങുന്നതിനാൽ അടുത്ത മാസം 18 ദിവസം നട തുറക്കും.

*********************************************

## കൊടുങ്ങല്ലൂർ .. (ഇൻട്രോ)

ചരിത്രപ്രസിദ്ധമായ കൊടുങ്ങല്ലൂർ ഭരണി മഹോത്സവം ഭക്തിസാന്ദ്രമായ അശ്വതി കാവത്തിണ്ടൽ ഇന്ന്. നാനാ ദേശങ്ങളിൽ നിന്നാണ് ഭക്തിസാന്ദ്രമായ ഭരണി മഹോത്സവത്തിന് ജനലക്ഷങ്ങൾ എത്തിച്ചേരുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്............**

**(വോയ്സ്)**

RNUTVPM

*********************************************

## മാലിന്യ സംസ്കരണ പ്ലാൻറ്

ആലപ്പുഴ ജില്ലയിലെ ആദ്യത്തെ കക്കൂസ് മാലിന്യ സംസ്കരണ പ്ലാൻറ് ചേർത്തലയിൽ പ്രവർത്തനം തുടങ്ങി. ചേർത്തല നഗരസഭ 7.8 കോടി രൂപ മുടക്കിയാണ് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്ലാൻറ് നിർമ്മിച്ചത് 'പൂർണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന പ്ലാൻറ് പ്രതിദിനം രണ്ടര ലക്ഷം ലിറ്റർ മാലിന്യമാണ് സംസ്കരിക്കുന്നത്. നിർമ്മാണവുമായി ബന്ധപ്പെട്ട എതിർപ്പുകൾ കോടതിയിൽ വരെ എത്തിയതാണ്. എന്നാണ് എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ അധികൃതർക്ക് കഴിഞ്ഞു. എതിർപ്പ് ഉയർത്തിയവരെ തിരുവനന്തപുരത്തെ മുട്ടുതറ സംസ്കരണ പ്ലാൻറ് സന്ദർശിപ്പിച്ചാണ് കാര്യങ്ങൾ ബോധ്യമാക്കിയത്.

വീടുകളിലെത്തി മാലിന്യം ശേഖരിക്കാൻ പ്രത്യേക വാഹനവും നഗരസഭ നിരത്തിലിറക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ കൃഷിക്കും ദേശീയപാത നിർമ്മാണത്തിനും വേണ്ടിയാണ് ഇവിടെ സംസ്കരിക്കുന്ന വെള്ളം ഉപയോഗിക്കുന്നത്

***********************************

## ക്ഷയരോഗം-ഇടുക്കി ... (ഇൻട്രോ)

ക്ഷയരോഗ നിവാരണ നൂറുദിന കർമ പരിപാടിയുടെ ഭാഗമായി ഇടുക്കിയിൽ വഴിയോരങ്ങളിൽ അന്തിയുറങ്ങുന്നവരെ പരിശോധനയ്ക്കു വിധേയരാക്കി ആരോഗ്യവകുപ്പ്. സംസ്ഥാനത്ത് ആദ്യമായി ഇടുക്കിയിലാണ് ഇത്തരമൊരു പരിശോധനയ്ക്ക് തുടക്കമിടുന്നതെന്നു അധികൃതർ പറഞ്ഞു.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...........**

(വോയ്സ്)

RNU TVPM

***********************************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസിന് ആദ്യ ജയം. ചെന്നൈ സൂപ്പർ കിങ്സിനെ രാജസ്ഥാൻ ആറ് റൺസിന് തോൽപ്പിച്ചു. അവസാന ഓവറിൽ അഞ്ച് വിക്കറ്റ് ശേഷിക്കെ ചെന്നൈയ്ക്ക് ജയിക്കാൻ 20 റൺ വേണ്ടിയിരുന്നു. രാജസ്ഥാന്റെ 182 റൺസിന് മറുപടിയായി ചെന്നൈയുടെ ഇന്നിങ്സ് 176 റൺസിൽ അവസാനിച്ചു.

***********************************

## ഐഎസ്എൽ

നോർത്ത് ഈസ്റ്റ് യുണൈറ്റഡിന്റെ വെല്ലുവിളി മറികടന്ന് ജംഷഡ്പുർ എഫ്സി ഐഎസ്എൽ ഫുട്ബോൾ സെമിഫൈനലിൽ എത്തി. സീസണിൽ ഉടനീളം മികച്ച കളി പുറത്തെടുത്ത നോർത്ത് ഈസ്റ്റിനെ രണ്ട് ഗോളിന് കീഴടക്കിയാണ് ഇന്ത്യക്കാരനായ ഖാലിദ് ജമീൽ പരിശീലിപ്പിക്കുന്ന ജംഷഡ്പുർ അവസാന നാലിൽ ഇടംപിടിച്ചത്. സ്റ്റീഫൻ എസെയും ഹാവി ഹെർണാണ്ടസും ലക്ഷ്യം കണ്ടു. സെമിയിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റാണ് എതിരാളി. മറ്റൊരു സെമിയിൽ എഫ്സി ഗോവയും ബംഗളൂരു എഫ്സിയും ഏറ്റുമുട്ടും.

************************************

## വാഹനാപകടം

വർക്കലയിൽ ഉത്സവം കണ്ട് മടങ്ങിയ ആൾക്കൂട്ടത്തിനിടയിലേക്ക് വാഹനം ഇടിച്ചു കയറി അമ്മയും മകളും മരിച്ചു. വർക്കല സ്വദേശികളായ 51 വയസുള്ള അമ്മ രോഹിണിയും 21 വയസുള്ള മകൾ അഖിലയുമാണ് മരിച്ചത്. അപകടത്തിൽ നിരവധിപേർക്ക് പരിക്കേറ്റു. ഇന്നലെ രാത്രി 10 മണിയോടെയാണ് അപകടം നടന്നത്. ഉത്സവം കണ്ട് മടങ്ങുകയായിരുന്ന ആൾക്കൂട്ടത്തിനിടയിലേക്ക് അമിത വേഗത്തിലെത്തിയ റിക്കവറി വാഹനം നിയന്ത്രണം തെറ്റി ഇടിച്ചു കയറുകയായിരുന്നു.

RNU TVPM

********************************************************************************************